## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 588** **02-12-2014 ലെ മറുപടിയ്ക്ക്**

**കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** | | **ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയുടെ ആനുകൂല്യം സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലെ ചികിത്സയ്ക്ക് ലഭ്യമാകുമോ;<br>ബി) എങ്കിൽ അസുഖത്തിന്റേയും സാഹചര്യങ്ങളുടേയും അടിസ്ഥാനത്തിൽ അന്യസംസ്ഥാനങ്ങളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നല്കുമോ; | എ) & ബി) | നിലവിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. |
| സി) വിദഗ്ധ ചികിത്സയ്ക്ക് ആവശ്യമായ സംവിധാനമോ, സൗകര്യമോ, ആശുപത്രികളോ ഇല്ലാത്ത കാസർഗോഡ് ജില്ലയിലെ രോഗികൾക്ക് പ്രയോജനപ്രദമാകുന്ന തരത്തിൽ മംഗലാപുരത്ത് ചികിത്സാ സൗകര്യം അനുവദിക്കണമെന്ന ആവശ്യം നിയമസഭയിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ;<br>ഡി) പ്രസ്തുത വിഷയം സംബന്ധിച്ച് നിയമസഭയ്ക്ക് അകത്തോ പുറത്തോ ഉറപ്പുകൾ നൽകപ്പെട്ടിട്ടുണ്ടോ ; | സി) & ഡി) | ഉന്നയിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഉറപ്പുകളൊന്നും നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| ഇ) | കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി പ്രകാരം ചികിത്സാ സൗകര്യമൊരുക്കാൻ മംഗലാപുരത്തെ ഏതെല്ലാം ആശുപത്രികളാണ് അപേക്ഷ നൽകിയിട്ടുള്ളതെന്നു വ്യക്തമാക്കുമോ; | ഇ) & എഫ്) | ഇൻഡ്യാന ഹോസ്പിറ്റൽ മംഗലാപുരം, കാരുണ്യ ചികിത്സാ സൗകര്യം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് കത്ത് നൽകിയിരുന്നു. എന്നാൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടുന്ന രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുവാൻ വ്യവസ്ഥയില്ല. കാരുണ്യ ബെനവലന്റ് ഫണ്ടിന്റെ പദ്ധതി നടത്തിപ്പു സംവിധാനത്തിൽ സംസ്ഥാനത്തിനു പുറത്തുള്ള ആശുപത്രികളിലേയ്ക്ക് ചികിത്സാ ധനസഹായം അനുവദിച്ചാൽ അതിന്റെ ഉപയോഗം പരിശോധിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമുള്ള തടസ്സങ്ങൾ നിലനിൽക്കുന്നു. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിലെ പ്രധാനപ്പെട്ട ആശുപത്രികളിലും മംഗലാപുരം, കോയമ്പത്തൂർ, വെല്ലൂർ തുടങ്ങിയ സ്ഥലങ്ങളിലെ മികച്ച ആശുപത്രികളിലും പദ്ധതി നടപ്പിലാക്കുന്നതിന്റെ സാധ്യത പരിശോധിച്ചുവരുന്നു. |
| എഫ്) | പ്രസ്തുത വിഷയത്തിൽ എന്തെങ്കിലും തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ